**പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം**
**ഹയർസെക്കണ്ടറി (വൊക്കേഷണൽ) വിഭാഗം**
**ഏകജാലക പ്രവേശന സംവിധാനം 2026-27**

# ട്രയൽ അലോട്ട്മെന്റ്
## അപേക്ഷകർക്കായുള്ള നിർദ്ദേശങ്ങൾ

### സാധ്യതാ ലിസ്റ്റ്

2026-27 അധ്യയന വർഷത്തെ ഹയർ സെക്കണ്ടറി (വൊക്കേഷണൽ) ട്രയൽ അലോട്ട്മെന്റ് https://admission.vhseportal.kerala.gov.in എന്ന അഡ്മിഷൻ വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചു. ലോഗിൻ പേജിൽ **രജിസ്റ്റർ ചെയ്തിട്ടുള്ള ഫോൺ നമ്പറും പാസ്സ്‌വേർഡും നൽകി ട്രയൽ അലോട്ട്മെന്റ് റിസൾട്ട് പരിശോധിക്കാം.** ആദ്യ അലോട്ട്മെന്റിന്റെ ഒരു സാധ്യതാ ലിസ്റ്റ് മാത്രമാണ് ട്രയൽ അലോട്ട്മെന്റ് ലിസ്റ്റ്. അത് കൊണ്ട് തന്നെ ട്രയൽ അലോട്ട്മെന്റ് ലിസ്റ്റ് പ്രകാരം ഒരു സ്കൂളിലും പ്രവേശനം നേടാനാവില്ല. പ്രവേശനം നേടുന്നതിന് ആദ്യ അലോട്ട്മെന്റ് വരുന്നതുവരെ കാത്തിരിക്കണം. എന്നാൽ നിങ്ങളുടെ അപേക്ഷാ വിവരങ്ങളിൽ തെറ്റുകൾ കടന്നുകൂടിയിട്ടുണ്ടെങ്കിൽ അവ തിരുത്തുന്നതിനുള്ള അവസാന അവസരമാണ് ട്രയൽ അലോട്ട്മെന്റ്. കൂടാതെ ഈഘട്ടത്തിൽ ആവശ്യമെങ്കിൽ നേരത്തെനൽകിയ ഓപ്ഷനുകൾ പുനഃക്രമീകരിക്കുകയോ പുതിയവ കൂട്ടിച്ചേർക്കുകയോ ചെയ്യാം. എസ്.എസ്.എൽ.സി റി വാല്യൂവേഷൻ വഴി മാർക്ക് വ്യത്യാസം വന്നിട്ടുള്ള കുട്ടികൾ ലോഗിൻ ചെയ്ത് ഗ്രേഡ് വിവരങ്ങൾ പരിശോധിച്ച് സേവ് ചെയ്ത് കൺഫർമേഷൻ ചെയ്യേണ്ടതാണ്. അപേക്ഷാ വിവരങ്ങൾ അപൂർണ്ണമായി നൽകിയ വിദ്യാർത്ഥികൾക്ക് ഈ ഘട്ടത്തിൽ അപേക്ഷ പൂർത്തിയാക്കി കൺഫർമേഷൻ നടത്താവുന്നതാണ്.

### തിരുത്തുവാൻ കഴിയുന്ന അപേക്ഷാ വിവരങ്ങൾ

അലോട്ട്മെന്റിനെ നിർണ്ണായകമായി സ്വാധീനിക്കുന്ന ജാതി സംവരണ വിവരങ്ങൾ, ബോണസ് പോയിന്റ് ലഭിക്കുന്ന വിവരങ്ങൾ, താമസിക്കുന്ന പഞ്ചായത്തിന്റെയും താലൂക്കിന്റെയും വിവരങ്ങൾ എന്നിവ സംബന്ധിച്ച് നിങ്ങളുടെ അപേക്ഷയിൽ രേഖപ്പെടുത്തിയിരിക്കുന്നത് ശരിയാണെന്ന് ഉറപ്പ് വരുത്തണം. എല്ലാ അപേക്ഷകരും പ്രോസ്പെക്ടസിലെ നിർദ്ദേശങ്ങളനുസരിച്ചുള്ള കാറ്റഗറിയും ജാതിയും തന്നെയാണ് രേഖപ്പെടുത്തിയിരിക്കുന്നതെന്ന് ഉറപ്പ് വരുത്തണം. ഇത്തരം വിവരങ്ങൾ തെറ്റായി രേഖപ്പെടുത്തിയിരുന്നാൽ പ്രവേശനം നിഷേധിക്കപ്പെടും. അത് കൊണ്ട് തിരുത്തലുകൾ വരുത്താനുള്ള ഈ അവസാന അവസരം ഫലപ്രദമായി വിനിയോഗിക്കുക.

### റാങ്ക് പരിശോധന

റാങ്ക് പരിശോധിക്കുമ്പോൾ ട്രയൽ അലോട്ട്മെന്റിലോ ആദ്യ അലോട്ട്മെന്റിലോ കടന്നുകൂടാൻ കഴിയാത്ത വിദ്യാർത്ഥികൾക്ക് റാങ്ക് നമ്പർ സംബന്ധിച്ച് ചില ആശങ്കകൾ ഉണ്ടാവാം. ഉദാഹരണത്തിന് അപേക്ഷിച്ച കോഴ്സിൽ 30 സീറ്റുകൾ മാത്രമാണെന്ന് വിദ്യാർത്ഥിക്കറിയാമെന്നിരിക്കട്ടെ. റാങ്ക് പരിശോധിക്കുമ്പോൾ മുന്നൂറിലോ നാന്നൂറിലോ മുകളിലുള്ള റാങ്കാണെന്ന് കാണുമ്പോൾ തനിക്ക് ഈ കോഴ്സിൽ ഒരിക്കലും പ്രവേശനം ലഭിക്കില്ലെന്ന് ആ വിദ്യാർത്ഥിയ്ക്ക് തോന്നാം. എന്നാൽ ഈ ആശങ്കയ്ക്ക് ഏതൊരു

അടിസ്ഥാനവുമില്ല. കാരണം പ്രസ്തുത സ്കൂളിലെ കോഴ്സിൽ ഏതെങ്കിലും ഓപ്ഷനായി നൽയിട്ടുള്ള എല്ലാ അപേക്ഷകരുടെയും റാങ്കാണ് ഇവിടെ കണക്കാക്കിയിരിക്കുന്നത്. ഈ അപേക്ഷകരെല്ലാം ഇതേ സ്കൂളിന്റെ അലോട്ട്മെന്റ് ലിസ്റ്റിൽ വരണമെന്നില്ല. അപേക്ഷകരുടെ മെറിറ്റനുസരിച്ച് കൂടുതൽ ഉയർന്ന അവരുടെ മറ്റ് ഓപ്ഷനുകളിൽ അലോട്ട്മെന്റ് ലഭിക്കാം. അതിനാൽ താഴ്ന്ന റാങ്കുകാർക്കും അലോട്ട്മെന്റ് ലഭിക്കാനിടയുണ്ട്.

**Scheme Others, EWS നിർദ്ദേശങ്ങൾ**

കേരള സംസ്ഥാനത്തിന് പുറത്തെ പരീക്ഷ ബോർഡുകളിൽ നിന്നും പത്താംതരം വിജയിച്ച വിദ്യാർഥികൾ അഡ്മിഷൻ സമയത്ത് നിർബന്ധമായി തുല്യതാ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. EWS ആനുകൂല്യം അപേക്ഷയിൽ അവകാശപ്പെട്ടിട്ടുള്ളവർ നിശ്ചിത മാതൃകയിലുള്ള റവന്യൂ അധികാരികൾ നൽകുന്ന സർട്ടിഫിക്കറ്റ് അഡ്മിഷൻ സമയത്ത് ഹാജരാക്കേണ്ടതാണ്.

**തെറ്റായ വിവരങ്ങൾ അപേക്ഷയിലുണ്ടായാൽ**

ബോണസ് പോയിന്റ് ലഭിക്കുന്ന വിവരങ്ങൾ, അപേക്ഷന്റെ കാറ്റഗറി മുതലായ ഉൾപ്പെടെ അലോട്ട്മെന്റിനെ ബാധിക്കുന്ന ഒന്നും സർട്ടിഫിക്കറ്റുകളില്ലാതെ അവകാശപ്പെടരുത്. ഇങ്ങനെ ലഭിക്കുന്ന അലോട്ട്മെന്റുകൾ സർട്ടിഫിക്കറ്റുകൾ ഹാജരാക്കാതിരുന്നാൽ റദ്ദാകുകയും വിദ്യാർത്ഥിയുടെ പ്രവേശനാവസരം നഷ്ടപ്പെടുകയും ചെയ്യും.

**വിഭിന്നശേഷിവിഭാഗത്തിലെ കുട്ടികൾക്കുള്ള നിർദ്ദേശങ്ങൾ**

വിഭിന്നശേഷിവിഭാഗത്തിൽപ്പെട്ട കുട്ടികൾ അവരുടെ ഒന്നാം ഓപ്ഷൻ നൽകിയിരിക്കുന്ന സ്കൂളിൽ സംഘടിപ്പിച്ച സ്ക്രീനിംഗിൽ പങ്കെടുത്തിട്ടുണ്ടെന്നും സർട്ടിഫിക്കറ്റ് നേടിയിട്ടുണ്ടെന്നും ഉറപ്പ് വരുത്തണം.

**ട്രയൽ പരിശോധിക്കാനുള്ള സമയപരിധി**

**10.06.2026 വൈകുന്നേരം 5.00 മണി വരെ** അപേക്ഷകർക്ക് അഡ്മിഷൻ വെബ്സൈറ്റിൽ ലോഗിൽ ചെയ്ത് ട്രയൽ അലോട്ട്മെന്റ് ലിസ്റ്റ് പരിശോധിക്കുന്നതിനും ഓപ്ഷനുകൾ ഉൾപ്പെടെയുള്ള തിരുത്തലുകൾ വരുത്തുന്നതിനും കഴിയും. എന്നാൽ വിഭിന്നശേഷി വിഭാഗത്തിലെ അപേക്ഷാർത്ഥികൾക്ക് അപേക്ഷയിലെ വിവരങ്ങൾ മാറ്റുന്നതിന് അവസരം ഉണ്ടായിരിക്കുന്നതല്ല.

പൊതുവിദ്യാഭ്യാസ ഡയറക്ടർ

Digitally signed by
Asif K Yusuf
Date: 06-06-2026
17:25:59